"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന സീനിയർ ക്ലർക്ക് ശ്രീ അനിൽകുമാർ പി, യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

G.O.(Rt)No.1340/2022/LSGD **തീയതി,തിരുവനന്തപുരം,** 30-05-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 28/11/2020-ലെ PAN/5543/2020-E1(DP) നമ്പർ കത്ത്.

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 02/01/2022-ലെ എഎച്ച്ഡി/8215/2019-കെ3 നമ്പർ കത്ത്.

3. ശ്രീ.അനിൽ കുമാർ.പി യുടെ 19.4.2021, 30/03/2022 തീയതികളിലെ നിവേദനം.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിൽ നിന്നും ആലപ്പുഴ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2009 മുതൽ പുനർവിന്യസിച്ചിരുന്ന സീനിയർ ക്ലർക്ക് ശ്രീ അനിൽകുമാർ പി പുനർവിന്യാസം അവസാനിപ്പിച്ച് മാതൃവകുപ്പിലേയ്ക്ക് മടങ്ങുന്നതിനായി ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.10.2020 -ലെ യോഗതീരുമാനം സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി പരാമർശം (2) പ്രകാരം വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ ടിയാനെതിരെ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ അനിൽകുമാർ പി 13 വർഷമായി പുനർവിന്യാസത്തിൽ തുടരുന്നു എന്നത് കണക്കിലെടുത്ത്, മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനു പകരം ആളെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യസിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ ടിയാനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
UNDER SECRETARY

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്.

ശ്രീ അനിൽകുമാർ പി., ക്ലാർക്ക്, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്.

(മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ